**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1361** 11/06/2019 ലെ മറുപടി

**പരീക്ഷ എഴുതുന്നതിനുള്ള സഹായിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷ എഴുതുന്നതിനുള്ള സഹായിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) 1. കാഴ്ച വൈകല്യം (വി.ഐ), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (എം.ആർ), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (സി.പി), അസ്ഥി സംബന്ധമായ വൈകല്യം (ഒ.എച്ച്) വിഭാഗം വിദ്യാർത്ഥികൾ, 40%മോ അതിലധികമോ വൈകല്യം ഉള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സഹായിയെ അനുവദിക്കുന്നു.<br>2. ലേണിംഗ് ഡിസബിലിറ്റി ഉള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഐ.ക്യൂ 85 ന് മുകളിലും 110 വരെയും ആണെങ്കിൽ സഹായിയെ അനുവദിക്കുന്നു. മറ്റുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും ഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് സഹായിയെ നൽകുന്നു.<br>3. എം.എച്ച്.ആർ.ഡി. പ്രതിപാദിക്കുന്ന അസുഖങ്ങൾക്ക് അതിന്റെ |

തീവ്രത അനുസരിച്ചും ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സഹായിയെ അനുവദിക്കുന്നു.

4. അടിയന്തിര സാഹചര്യങ്ങളിൽ അപകടം സംഭവിക്കുന്ന വിദ്യാർത്ഥി കൾക്കും ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സഹാ യിയെ നൽകുന്നുണ്ട്.

(ബി) പത്താം തരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സഹായി ആയി നിയോഗിക്കുന്നത് ഏത് ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ്;

(ബി) പത്താം തരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സഹായിയായി ഒൻപതാം ക്ലാസ്സിലോ അതിന് താഴത്തെ ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികളെയാണ് നിയോഗിക്കുന്നത്.

(സി) സഹായിയെ വച്ച് പരീക്ഷ എഴുതാൻ അർഹതയുള്ള വിഭാഗ ത്തിലെ വിദ്യാർത്ഥിയുടെ പരീക്ഷയും സഹായിക്കുന്ന വിദ്യാർത്ഥികളുടെ പരിക്ഷയും ഒരേ ദിവസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സഹായി ആയി പരീക്ഷ എഴുതുന്ന വിദ്യാർത്ഥിക്ക് തന്റെ സ്വന്തം പരീക്ഷ നന്നായി എഴുതുന്നതിന് വിഘാതമാണെന്നതിനാൽ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് നട പടി സ്വീകരിക്കുമോ;

(സി) ഇല്ല. പത്താം ക്ലാസ്സിന്റെ പൊതുപരീക്ഷയും ഒൻപതാം ക്ലാസ്സി ന്റെയോ താഴത്തെ ക്ലാസ്സുകളി ലെയോ വാർഷിക പരീക്ഷയും വ്യത്യസ്ത സമയങ്ങളിലാണ് ക്രമീകരിക്കാറുള്ളത്.

(ഡി) സഹായിയെ വച്ച് പരീക്ഷ എഴുതുമ്പോൾ ഏതു വിദ്യാർത്ഥിക്ക് വേണ്ടിയാണോ സഹായി പരീക്ഷ

(ഡി) ഉണ്ട്. സഹായിയായി എഴുതുന്ന വിദ്യാർത്ഥിക്ക് ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

| | | |
|---|---|---|
| | എഴുതുന്നത് ആ വിദ്യാർത്ഥി പറയുന്ന ഉത്തരങ്ങൾ തന്നെയാണ് സഹായി എഴുതുന്നത് എന്ന് ഉറപ്പ് വരുത്താൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ; | കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചീഫ് സൂപ്രണ്ടുമാർക്കും, ചീഫ് സൂപ്രണ്ടുമാർ ഇൻവിജിലേറ്റേഴ്സിനും നിർദ്ദേശം നൽകാറുമുണ്ട്. |
| (ഇ) | സഹായിയെ വച്ച് പരീക്ഷ എഴുതുന്ന സമ്പ്രദായം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) ഉണ്ട്. ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. ദുരുപയോഗം തടയുന്നതിലേക്കായി സർക്കാർ ഉത്തരവ് (സാധാ) നം. 5186/2018/പൊവിവ, തീയതി 07.12.2018 പ്രകാരം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ